بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 08/01/2016

**(27 RABIUL AWWAL 1437 HIJRI)**

## Hazrat Khalifathullah Munir Ahmad Azim (A)

## "A GOD WHO SPEAKS AND GUIDES" / സംസാരിക്കുകയും മാർഗ്ഗദർശനം നൽകുകയും ചെയ്യുന്ന ഒരു ദൈവം

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം **സംസാരിക്കുകയും മാർഗ്ഗദർശനം നൽകുകയും ചെയ്യുന്ന ഒരു ദൈവം** എന്ന വിഷയത്തെ ആസ്പദമാക്കി ജുംആ ഖുത്തുബ നിർവ്വഹിച്ചു. കഴിഞ്ഞ കാലങ്ങളിൽ ദൈവം തന്റെ ദാസന്മാരോട് സംസാരിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അവന് അവരോട് സംസാരിച്ചാലെന്താണ് ? വിഷമ സമയങ്ങളിൽ അവൻ മാർഗ്ഗദർശനത്തിന് ആളുകളെ മുമ്പ് നിയോഗിക്കുന്നത് പതിവാക്കിയിട്ടുണ്ടെങ്കിൽ, ഇന്നെന്തേ അവന്റെ മാർഗ്ഗദർശനത്തിന്റെ വാതിലുകൾ മനുഷ്യർക്കായി തുറക്കാത്തത് ? എല്ലാ മതങ്ങളും അഴിമതിയിൽ അകപ്പെട്ടതുകൊണ്ടാണോ, അതോ ഒരു സത്യവും കണ്ടെത്തുവാൻ കഴിയാത്തതുകൊണ്ടാണോ ? ഒരു മതത്തെയും പിൻപറ്റിയാൽ ഒരു ഫലവും ഉണ്ടാകില്ലാ എന്നാണോ ? അല്ലാ, ഭൂമിയിൽ യഥാർത്ഥ മതം നിലനിൽക്കുന്നത് സാധ്യമാണോ ? എന്നാൽ ആളുകൾ അതിന്റെ അധ്യാപനങ്ങൾ പിൻതുടരാത്തതുകൊണ്ട് ആത്മീയ വിഹായസ്സിൽ ഒരു പുരോഗതിയും നേടാൻ കഴിയാത്തതാണോ ?

ഏത് അഭിപ്രായം നാം പ്രകടിപ്പിച്ചാലും, താഴെപ്പറയുന്ന ചോദ്യങ്ങൾ എപ്പോഴും ചോദിക്കാവുന്നതാണ്. എന്തുകൊണ്ട് ദൈവം ഒരു പുതിയ മതം അവതരിപ്പിക്കുന്നില്ല ? ലോകത്തിന് അത്തരം ഒന്ന് ആവശ്യമാണെന്ന് ദൈവം കരുതുന്നുവെങ്കിൽ ! അതല്ല പിന്തുടരുവാനുള്ള തന്റെ മാർഗ്ഗദർശനം ഇവിടെ നിലനിൽക്കുന്നുവെങ്കിൽ ജനങ്ങൾ അതിനെ ശ്രദ്ധിക്കുന്നുമില്ലെങ്കിൽ, നേർപാതയിലൂടെ അവരെ നയിക്കുവാൻ അവർക്കൊരു മാർഗ്ഗദർശിയെ എന്തുകൊണ്ട് ഉയർത്തുന്നില്ല ? അങ്ങനെയായാൽ അവന്റെ മഹത്വം അവർക്ക് തിരിച്ചറിയുവാനും, അവരുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം നേടുവാനും സാധിക്കുന്നതാണ്.

കരുണാനിധിയും, സ്നേഹനിധിയുമായ ഒരു ദൈവം അനങ്ങാതിരിക്കുന്നു, മനുഷ്യവർഗ്ഗം തെറ്റിലും ഭൗതികതയിലും ആഴ്ന്നു കിടക്കുന്നു, നേർവഴി സ്വീകരിക്കുവാനുള്ള ഒരു നടപടിയും ദൈവം സ്വീകരിക്കുന്നില്ല എന്ന് വിശ്വസിക്കുവാൻ കഴിയില്ല. ഒരു പിതാവിനെക്കാളും, മാതാവിനെക്കാളും കരുണയുള്ളവനായിരിക്കണം നിശ്ചയമായും ദൈവം. മാതാപിതാക്കൾ, കുട്ടികളുടെ ജനനത്തിനുള്ള വെറും ഉപകരണങ്ങൾ മാത്രമാണ്. എന്നാൽ ദൈവം സൃഷ്ടാവുമാത്രമല്ല, മനുഷ്യ നിലനിൽപ്പിന്റെ പരമലക്ഷ്യം അവൻ മാത്രമാണ്. കുട്ടിയും മാതാപിതാക്കളും തമ്മിലുള്ള ബന്ധം താൽക്കാലികം മാത്രമാണ്. എന്നാൽ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം അനന്തമാണ്. മാതാപിതാക്കളുടെ കഴിവുകളോ ഭൗതിക സ്രോതസ്സുകളും തീർന്നു പോകുന്നതും നശിച്ചു പോകുന്നതുമാണ്. എന്നാൽ ദൈവത്തിന്റെ കഴിവുകൾ അതിരില്ലാത്തതും അവന്റെ നിധികൾ ഒരിക്കലും തീർന്നുപോകാത്തതുമാകുന്നു. തന്റെ സൃഷ്ടികളുമായി അത്തരം ഒരു ബന്ധം വച്ച് പുലർത്തുവാൻ ഇത്തരം കഴിവുകളുടെ ഉടമസ്ഥനായവൻ, തന്റെ സൃഷ്ടികളെ അവൻ മറന്നു പോകില്ല. അവരുടെ വിഷമാവസ്ഥയിൽ വെറുതെ നോക്കിയിരിക്കില്ല. തന്റെ ദുർബലരായ സൃഷ്ടികളോട് ! മറ്റുള്ളവരോട് മൃദുത്വമുള്ളവരായിരിക്കണം എന്നു പറയുന്നവന്, രൂക്ഷമായിരിക്കുവാൻ കഴിയില്ല. മാനവന് വേണ്ടി ആത്മീയ പുരോഗതിയുടെ ഒരു വഴിയും സ്വീകരിക്കാതെ അവരെ വിട്ടുകളയും എന്നു കരുതുവാനും കഴിയുകയില്ല. പ്രകാശം അന്വേഷിക്കുമ്പോൾ, അന്ധകാരത്തിൽ അലയുവാൻ അവരെ വിടുകയില്ല.

ദൈവം ഉണ്ടെങ്കിൽ, അവനത് അനുവദിക്കുവാൻ കഴിയുകയില്ല. തന്റെ സേവകന്മാരുടെ പരീക്ഷണഘട്ടങ്ങളിൽ അവരോട് അവൻ അനുകമ്പയോടെ വർത്തിക്കുന്നവനാണെങ്കിൽ, സംരക്ഷണത്തിന് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നില്ലെങ്കിൽ നാം പറയേണ്ടി വരും, മനുഷ്യ സമൂഹത്തെ സത്യത്തിലേക്ക് നയിക്കുവാൻ ദൈവത്തിന് കഴിവില്ലായെന്ന് ! അല്ലെങ്കിൽ മനുഷ്യന്റെ ഭൂമിയിലെ നിലനിൽപ്പിന്റെ ഉദ്ദേശ്യം ദൈവവുമായി ആശയവിനിമയം നടത്തുന്നതിനല്ല എന്ന് സമ്മതിക്കേണ്ടി വരും. മാത്രവുമല്ല മനുഷ്യനെ സൃഷ്ടിച്ചിരി

ക്കുന്നത് തിന്നുകയും, കുടിക്കുകയും ചെയ്ത് ഭൗതികമായ ജീവിതം മാത്രമാണ് എന്നും മൃഗങ്ങളെപോലുള്ള ഒരു നിലനിൽപ്പ് മാത്രമാണെന്നും സമ്മതിക്കേണ്ടി വരും. എന്നാൽ ഈ കാര്യങ്ങൾ അടിസ്ഥാന രഹിതങ്ങളാണ്. ഈ കാണുന്ന പ്രപഞ്ചത്തെ സൃഷ്ടിച്ചവന് മാനവകുലത്തിന് ആത്മീയ മാർഗ്ഗദർശനം നൽകുവാനുള്ള കഴിവില്ലായെന്ന് കരുതുന്നത് യുക്തിഹീനമായ കാര്യം തന്നെയാണ്. തികച്ചും ഭൗതികമായ നിലനിൽപ്പിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്ന് കരുതുവാനും കഴിയില്ല. കാരണം, വാദത്തിനുവേണ്ടി അത് സമ്മതിക്കുകയാണെങ്കിൽ, നാം ഇതുംകൂടി സമ്മതിക്കേണ്ടിവരും, അതായത് അതിബുദ്ധിമാനും, സർവ്വതും അറിയുന്നവനുമായ സൃഷ്ടാവ്, ഈ മഹത്തായ പ്രപഞ്ചത്തിന്റെ നിലനിൽപ്പ് പ്രദർശിപ്പിച്ചത് ഒരു ലക്ഷ്യവുമില്ലാതെയാണെന്ന്! ഒരു യന്ത്രവും കണ്ടുപിടിക്കപ്പെട്ടിട്ടില്ല, അത് വെറുതെ ഓടുന്നതിനായി ! ഓരോ യന്ത്രത്തിനും കണിശമായ നിയമങ്ങളുണ്ട് ! നിയോഗ ലക്ഷ്യവുമുണ്ട്.

തിന്നുകയും കുടിക്കുകയും ഉറങ്ങുകയും ചെയ്യുന്നതാണ് മനുഷ്യ നിലനിൽപ്പിന്റെ ഉദ്ദേശ്യമെങ്കിൽ, അതിന്റെ അർത്ഥം മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് നിയന്ത്രണമില്ലാതെ ജീവിക്കുന്നതിനാണ് എന്ന് സമ്മതിക്കേണ്ടി വരും. മനുഷ്യ സൃഷ്ടിപ്പിൽ ഒരു ലക്ഷ്യവുമില്ലെങ്കിൽ പരസ്പര സഹായം ജീവിത ലക്ഷ്യമായി കണക്കാക്കുവാൻ കഴിയുകയില്ല. ചുരുക്കത്തിൽ നാമൊരു നിഗമനത്തിൽ എത്തിച്ചേരാൻ നിർബന്ധിതരായിരിക്കുകയാണ്. ഈ ലോകത്ത് ഒരു മതം ഉണ്ടായിരിക്കണം. ആ മതം മനുഷ്യനെ ദൈവത്തിലേക്ക് നയിക്കണം. നിലവിലുള്ള മതങ്ങളെല്ലാം ദുഷിച്ചു പോയെങ്കിൽ, ഒരു പുതിയ മതം (അതായത് ഇസ്ലാം) മാനവകുലത്തിന്റെ മാർഗ്ഗദർശനത്തിനായി വെളിപ്പെടുത്തേണ്ടതുണ്ട്. ഈ ലോകത്ത് ഒരു മതം ഇപ്പോൾതന്നെ നിലനിൽക്കുന്നുണ്ടെങ്കിൽ, ആ മതം മനുഷ്യനെ ദൈവത്തിലേക്ക് നയിക്കാൻ കഴിയുന്നതാകണം. എന്നാൽ അതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുവാൻ അതിന് കഴിയുന്നില്ലെങ്കിൽ, കാരണം മനുഷ്യൻ അതിനെ ശ്രദ്ധിക്കുന്നില്ലെങ്കിൽ, അപ്പോൾ ഒരു പരിഷ്ക്കർത്താവിനെ നിർബന്ധമായും ഉയർത്തേണ്ടതാണ്. മനുഷ്യന്റെ ശ്രദ്ധ തിരിക്കുന്നതിനും അവരെ അതായത് മാനവ സമൂഹത്തെ അവനിലേക്ക് മടക്കികൊണ്ടു വരുകയും ചെയ്യേണ്ടതാണ്.

**മനോഹരമായ ഒരു കെട്ടിടം നിർമ്മിച്ച്, ആഡംബരത്തിൽ അതിനെ വിതാനിച്ച്, എന്നിട്ടതിനെ അതിന്റെ ഉടമസ്ഥൻ കേടുപാടുകൾ തീർക്കാതെ, അത് നശിക്കുവാൻ അനുവദിക്കുമോ ? അല്ലെങ്കിൽ മനുഷ്യൻ ഒരു മനോഹരമായ പൂന്തോട്ടം നിർമ്മിച്ചു. എന്നിട്ട് അതിന് വെള്ളമില്ലാതെ നശിക്കുവാൻ അനുവദിക്കുമോ ? ഈ കാര്യങ്ങൾ നാം ചെയ്യില്ലായെങ്കിൽ, ദൈവം ചെയ്യുമെന്ന് എങ്ങനെ കരുതുവാൻ കഴിയും ? അവൻ ഒരു സമ്പൂർണ്ണ മതം വെളിപാടുകളിലൂടെ സ്ഥാപിച്ചു. അത് മാനവരാശിയുടെ മോക്ഷത്തിനായിട്ടാണ്. അതു കാത്തുസൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാതെ അവഗണിക്കുമെന്ന് കരുതുവാൻ കഴിയുമോ ? നമ്മൾ കണ്ടില്ലേ, മൂസാ (അ) ന് ശേഷം ഒന്നിനു പുറകെ മറ്റൊന്നായി പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നില്ലേ ? ജൂതമതം സജീവമായിരിക്കുന്നതിന് വേണ്ടി വെളിപാടിലൂടെ നൽകിയ മതത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി. യേശുവിന് ശേഷം, ക്രിസ്തുമതത്തിന്റെ യഥാർത്ഥ അധ്യാപനങ്ങളുടെ സത്ത ജീവനുള്ളതായി നിലനിർത്തുവാൻ അവൻ ആളുകളെ നിയോഗിച്ചിരുന്നില്ലേ ? വേദങ്ങളുടെ വെളിപാടിനുശേഷം (അല്ലാഹു) അവൻ ശ്രീകൃഷ്ണനെയും ശ്രീരാമചന്ദ്രനെയും, മറ്റു വിശുദ്ധരായ ഋഷിവര്യന്മാരെയും വേദങ്ങളുടെ യഥാർത്ഥ അധ്യാപനം ശക്തിപ്പെടുത്തുവാനായി നിയോഗിച്ചില്ലേ ? സൊറാസ്റ്റർക്കു ശേഷം, പേർഷ്യൻ മതത്തെ സംരക്ഷിക്കുവാനായി അവൻ ഏർപ്പാട് ചെയ്തില്ലേ ? ഹസ്രത് മുഹമ്മദ് (സ) ന് ശേഷം അവൻ തുടർച്ചയായി വിശുദ്ധരെ നിയോഗിച്ചുകൊണ്ടിരുന്നില്ലേ ? ഇസ്ലാമിന്റെ അധ്യാപനങ്ങളെ വിശദീകരിക്കുന്നതിനുവേണ്ടി, വെളിപാടിന്റെ സഹായത്തോടെ, അങ്ങനെ അതിനെ സജീവമാക്കിക്കൊണ്ടിരിക്കുന്നില്ലേ ?**

ഒറ്റവാക്കിൽ പറഞ്ഞാൽ, ഏത് വീക്ഷണകോണിലൂടെ നോക്കിയാലും ശരി, നാമൊരു നിഗമനത്തിലെത്തിച്ചേരേണ്ടി വരും.ഇന്നത്തെ ഭൂമിയിലെ അവസ്ഥ പരിശോധിക്കുമ്പോൾ, വ്യക്തവും ശക്തവുമായ നിലയിൽ നമുക്ക് പറയുവാൻ കഴിയും ദൈവീക ബോധനം ലഭിച്ച ഒരുവഴികാട്ടി, ജനങ്ങൾ തെരഞ്ഞെടുത്ത ഒരു വഴികാട്ടിയല്ല, (മാത്രമല്ല അത് നിയന്ത്രിതമായ ആളുകൾ മാത്രമുള്ള തെരഞ്ഞെടുപ്പാണത്) ഈ ലോകത്തിന് ഒരു ദൈവദൂതന്റെ ആവശ്യം അനിവാര്യമായിരിക്കുന്നു. ഇസ്ലാമിന്റെയും മനുഷ്യരാശിയുടെയും പരിഷ്ക്കർത്താവായി ! അതിലൂടെ അധികാരം കൈയാളുന്ന കുടുംബവാഴ്ചയ്ക്ക് കടിഞ്ഞാൺ ഇടുന്നതിനും ദൈവീക നിയമത്തെ ചവിട്ടി മെതിക്കാതിരിക്കുന്നതിനുമായി ഉദാഹരണമായി ഈ കാലഘട്ടത്തിൽ നാം ഒരാളെ കാണുന്നു. അദ്ദേഹം അധികാരത്തിലിരിക്കുന്നു. ലോകവ്യാപകമായി അദ്ദേഹം സ്വയം പ്രഖ്യാപിക്കുന്നു. ഉമ്മത്തിനബിയാണെന്നും, മുജദ്ദിദാണെന്നും, ഇസ്ലാമിന്റെ ഖലീഫയാണെന്നും! ദൈവീകമാർഗ്ഗദർശനമില്ലാതെ, ദൈവീക നിർദ്ദേശങ്ങളില്ലാതെയാണ് ഇത്തരം സ്ഥാനമാനങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. നിങ്ങൾ യഥാർത്ഥത്തിൽ ഒരു സത്യാന്വേഷിയാണെങ്കിൽ, അല്ലയോ എന്റെ സ്നേഹിതരെ, നിങ്ങളുടെ കാലത്തിലെ ദൈവീക

ബോധനം ലഭിക്കുന്ന വഴികാട്ടിയെ അന്വേഷിക്കുക, അദ്ദേഹം റൂഹുൽ ഖുദ്സുമായിട്ടായിരിക്കും വരുന്നത്. ദൈവവുമായി, സത്യവുമായി ആത്മീയതുമായി അഗാധ സ്നേഹത്തിലാകുന്ന മനുഷ്യാത്മാക്കൾ, വാന ലോകത്തിലേക്ക് ആകാംഷയോടെ അവരുടെ നയനങ്ങൾ തിരിക്കുകയും, വേദനയോടെയും ദുഖത്തോടെയും തങ്ങളുടെ സൃഷ്ടാവിനെ തിരയുകയും, കണ്ണുകൾ കണ്ണുനീരാൽ കുതിരുകയും, അപ്പോൾ അവൻ അവരുടെ മേൽ കരുണയോടെ തിരിയുന്നതാണ്, അവർക്കായി അവന്റെ കരുണയുടെയും അനുഗ്രഹത്തിന്റെയും വാതിലുകൾ തുറക്കപ്പെടുന്നതാണ്, അവരുടെ മുൻഗാമികൾക്ക് നൽകപ്പെട്ടതുപോലെ അവർക്കും നൽകപ്പെടുന്നതാണ്; അവരിൽ നിന്ന് ആത്മീയാന്ധത നീക്കം ചെയ്യുകയും അവരുടെ ഹൃദയങ്ങളിലും കണ്ണുകളിലുമുണ്ടായിരുന്ന അന്ധതയും അശുദ്ധിയും ഇല്ലായ്മ ചെയ്യുകയും അനന്തമായ ജീവിതത്തിലേക്ക് അവരെ നയിക്കുന്നതുമാണ്. അതാണ് മനുഷ്യ നിലനിൽപ്പിന്റെ ഉദ്ദേശ്യവും. ദൈവീക വെളിപാട് ലോകത്തിൽ, ഇസ്ലാമിന്റെ കൊടിക്കീഴിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം മാത്രമാണുള്ളത്. അത് ദൈവീക മതമാണ്, ദൈവീക സംരക്ഷണയിലുമാണ്. ആത്മീയ ജീവിതത്തിന് ദാഹിക്കുന്നവരെ ! ദൈവീക സംരക്ഷണയിൻ കീഴിൽ വരുക. ഞാൻ സന്തോഷവാർത്ത അറിയിക്കുകയാണ്, ആത്മീയതയുടെ ലോകത്ത് നിങ്ങൾക്ക് ഏറ്റവും അത്യാവശ്യമായതെന്തോ അത് നൽകുവാനാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം വന്നിട്ടുള്ളത്.

മരണപ്പെട്ടവർക്ക് ആത്മീയത നൽകി ജീവിപ്പിക്കുന്നവൻ, അന്ധന്മാർക്ക് ആത്മീയ കാഴ്ച നൽകുന്നവൻ, ബധിരന്മാർക്ക് ആത്മീയ കേഴ്വി ശക്തി നൽകുന്നവൻ, അങ്ങനെ പല കഴിവുമുള്ള ആത്മീയ ചികിത്സകൻ (അതായത് ദൈവത്തിന്റെ വിനീത സേവകൻ) ദൈവത്തിൽനിന്നും ഇതാ വന്നിരിക്കുന്നു. ഈ കാലത്തിന്റെ ആവശ്യം അനുസരിച്ച്, നമ്മുടെ പ്രിയ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) യുടെ പ്രവചനമനുസരിച്ച് ! അബൂഹുറൈറ (റ) വിവരിക്കുന്നു. മുഹമ്മദ് (സ) പറഞ്ഞു. **"ഈ ഉമ്മത്തിന് വേണ്ടി, ഈ ഉമ്മത്തിൽ നിന്നും ഓരോ നൂറ്റാണ്ടിന്റെ തലയ്ക്കലും ദൈവീക പരിഷ്കർത്താവ് ആഗതരാകുന്നതാണ്."** അബൂദാവൂദ്.

അതുപോലെ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ഉം മുസ്ലിഹ് മൗഊദ് ഹസ്രത് മിർസാബശീറുദ്ദീൻ മഹമൂദ് അഹ്മദ് (റ) ഉം പ്രവചനം ചെയ്തിട്ടുണ്ടുമുണ്ട്. അല്ലാഹു തെരഞ്ഞെടുക്കുന്നവർ, മനുഷ്യർ തെരഞ്ഞടുക്കുന്നവരെ പോലെയല്ല. അല്ലാഹു തെരഞ്ഞെടുക്കുന്നവർ അല്ലാഹുവിൽ നിന്നുള്ള റൂഹുൽ ഖുദ്സുമായിട്ടാണ് വരുന്നത്! പാപാന്ധകാരത്തിൽ നിന്നും ലോകത്തെ രക്ഷിക്കുവാനും അവരെ മോക്ഷത്തിലേക്ക് വഴികാണിക്കുവാനുമാണ്. ശ്രദ്ധിക്കുക! ഹേ ജനങ്ങളെ ! സംരക്ഷിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്ത ഒരേയൊരു മതം ഇസ്ലാം മാത്രമാണ്; അവൻ അതിനെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു; ആയതിനാൽ ദൈവം തെരഞ്ഞെടുത്ത ഒരേയൊരു മതം, തീർച്ചയായും സഹീഹ് അൽ ഇസ്ലാം, ആകുന്നു ആ ജമാഅത്ത് ഇസ്ലാമിന്റെ അതേ വേരിൽ നിന്നും വന്നതാണ്. അത് മാനവരാശിക്കാകമാനം മാർഗ്ഗദർശനത്തിനായി നമ്മുടെ സമയത്ത് കാത്തിരുന്നതുമാണ്. കാര്യം ഇങ്ങനെയായിരുന്നില്ലെങ്കിൽ, ദൈവം എന്തിനാണ് ഇതിന് സംരക്ഷണം നൽകിയതും, മറ്റു മതങ്ങളെ പ്രതിരോധിക്കാൻ കഴിയാതാക്കിയതും, സംരക്ഷിക്കാതിരുന്നതും !

**ആയതിനാൽ സത്യാന്വേഷികളെ ! മുമ്പ് പലപ്രാവശ്യം ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ, ഞാനൊരു പുതിയ മതം കൊണ്ടുവന്ന ആളല്ല. എന്നെ നിയോഗിച്ചത് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ സ്ഥാപിക്കുവാനാണ്. ഇസ്ലാമിന് സേവനം ചെയ്യുവാനാണ്, ഇസ്ലാമിനെ വീണ്ടും ശക്തിപ്പെടുത്തുവാനാണ്, ഇസ്ലാമിനെ പ്രബോധിക്കാനാണ്, മനുഷ്യകുലത്തെ ഇസ്ലാമിലൂടെ ദൈവത്തിലേക്ക് നയിക്കുവാനാണ്. സർവ്വശക്തനായ അല്ലാഹു നിങ്ങളുടെ ഹൃദയത്തിന്റെ നിഷ്കളങ്കതയിലൂടെ ഈ സത്യത്തിലേക്ക് നയിക്കട്ടെ ! ആമീൻ.**


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*